# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.467

28.02.2017 ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.കെ.കൃഷ്ണൻകുട്ടി

ശ്രീ.കെ.ബി.ഗണേഷ് കുമാർ

ശ്രീ.സി.കെ.നാണു

ശ്രീ.കോവൂർ കുഞ്ഞുമോൻ

**മറുപടി**

ഡോ.റ്റി.എം.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**കാർഷിക മേഖലയ്ക്കും കാർഷികേതര മേഖലയ്ക്കുമായുള്ള നിർദ്ദേശങ്ങൾ**

| | |
|---|---|
| (എ) 2017-2018 വർഷത്തെ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ സമർപ്പിച്ച കാർഷിക മേഖലയ്ക്കും കാർഷികേതര മേഖലയ്ക്കുമായുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ സമർപ്പിച്ച കാർഷിക മേഖലയ്ക്കായുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.<br>1. ASEAN രാജ്യങ്ങളുമായുള്ള പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്തപ്രശ്നങ്ങളെ സംബന്ധിച്ചുള്ള കൂടിയാലോചനകളിൽ സംസ്ഥാന പ്രതിനിധിയെ കൂടി ഉൾപ്പെടുത്തൽ<br>2. റബ്ബർ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരതാ പദ്ധതിക്ക് വേണ്ടുന്ന കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം.<br>കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ സമർപ്പിച്ച കാർഷികേതര മേഖലയ്ക്കായുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.<br>1. സംസ്ഥാനത്തിന് AIIMS അനുവദിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂർ, തിരുവനന്തപുരം ജില്ലയിലുള്ള നെട്ടുകാൽത്തേരി , കോട്ടയം മെഡിക്കൽകോളേജ് ക്യാംപസ്, എറണാകുളം ജില്ലയിലെ കളമശ്ശേരി എന്നിവിടങ്ങളിൽ സ്ഥലങ്ങൾ കണ്ടെത്തി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br>2. ഇടപ്പള്ളി-അരൂർ-ചേർത്തല പാതകളെ ദേശീയ പാതവികസന പദ്ധതികളുടെ ഭാഗമാക്കി മാറ്റണമെന്ന നിർദ്ദേശം<br>3. പാലക്കാട് റയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കൽ<br>4. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റയിൽ സർവ്വീസ്<br>5. ഗുരുവായൂർ-തിരുനാവായ റെയിൽപാതയുടെ നിർമ്മാണത്തിനുള്ള നിർദ്ദേശം<br>6. കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ പൂർണരൂപത്തിലുള്ള റെയിൽവേസ്റ്റേഷൻ സ്ഥാപിക്കൽ<br>7. കൊച്ചി-മധുരൈ റെയിൽപ്പാത നിർമ്മാണത്തിനുള്ള നിർദ്ദേശം<br>8. തലശ്ശേരി-മൈസൂർ റെയിൽവേ പാതയുടെ സാധ്യതാ പഠനത്തിനുള്ള നിർദ്ദേശം<br>9. 2011-12 ൽ കേന്ദ്ര റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ചേർത്തലയിലെ വാഗൺ നിർമ്മാണ ഫാക്ടറി<br>10. പുനലൂർ-ചെങ്കോട്ട റെയിൽവേഗേജ് മാറ്റം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം<br>11. തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കൽ<br>12. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ അഡ്വാൻസ്ഡ് ടെക്നോളജി സെന്റർ സ്ഥാപിക്കൽ<br>13. പൊതുവിതരണ സംവിധാനം വഴി മീൻപിടുത്തത്തിനായി പരമ്പരാഗത മത്സ്യ |

| | |
|---|---|
| | തൊഴിലാളികൾക്ക് നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് നിലവിലുള്ള 2525KL ആയി തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കൽ<br>14. മത്സ്യഫെഡിന്റെ കീഴിലെ നിലവിലുള്ള 15 ബങ്കുകളിൽ ആവശ്യമായ അളവിൽ കൃത്യസമയത്ത് മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കൽ<br>15. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സ്വതന്ത്ര സംരംഭമാക്കുന്നതിനും പ്രസ്തുത സംരംഭത്തിന്റെ കടബാദ്ധ്യത തീർക്കുന്നതിനും നവീകരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കൽ.<br>16. തിരുവനന്തപുരത്ത് പ്ലാസ്റ്റിക് പാർക്ക് സ്ഥാപിക്കൽ<br>17. കൊച്ചിയിൽ ഫാർമാ പാർക്ക് സ്ഥാപിക്കൽ<br>18. കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കൽ<br>19. ഫാക്ട് (FACT) നെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഫലപ്രദവും ചെലവു കുറഞ്ഞതുമായ യൂറിയ പ്ലാന്റ് സ്ഥാപിക്കൽ<br>20. കൊച്ചിയിൽ HOCL (Hindustan Organic Chemicals Ltd.) യൂണിറ്റ് നിർത്തലാക്കാനുള്ള തീരുമാനം പുന: പരിശോധിക്കൽ<br>21. ഡിജിറ്റൽ ലിറ്ററസി ക്യാംപെയിൻ, സ്കൂളുകളിലെ ഇലക്ട്രോണിക് ആന്റ് ഐ.ടി ഇന്നവേഷൻ ലബോറട്ടറികൾ എന്നിവയ്ക്ക് വേണ്ടുന്ന കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം<br>22. FRBM Act ഭേദഗതി ചെയ്ത് കൊണ്ട് വായ്പാപരിധി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലെ 3% ൽ നിന്നും 4% ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.<br>23. നോട്ട് അസാധുവാക്കലിന്റെ ഫലമായി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചയിൽ ഉണ്ടായ മുരടിപ്പ് കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ പദ്ധതികളുടെ നിക്ഷേപത്തിനായി ഒരു സാമ്പത്തിക ഉത്തേജന പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ<br>24. നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്തിന്റെ അസംഘടിത സഹകരണ മേഖലകളിൽ ഉണ്ടായ തളർച്ചയെ നേരിടുന്നതിനും പ്രസ്തുത മേഖലകളെ സാധാരണ ഗതിയിലാക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളൽ.<br>25. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREG) വിഹിതം 100 പ്രവൃത്തി ദിനങ്ങളിലേക്ക് ഉയർത്തുന്നതിനുള്ള നടപടി കൈക്കൊള്ളൽ<br>26. കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്ത് നടപ്പിലാക്കുന്ന മറ്റ് കേന്ദ്രസഹായ പദ്ധതികൾ എന്നിവയ്ക്കുള്ള കേന്ദ്രവിഹിതം സമയബന്ധിതമായി അനുവദിക്കുന്നതിനും പ്രസ്തുത പദ്ധതികളിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ ലഘൂകരിക്കുന്നതിനുമായുള്ള നടപടി സ്വീകരിക്കൽ. |
| **(ബി)** 2017-18 കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | **ബി)** കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ പ്രതി കൂലമായി ബാധിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിരുന്നെങ്കിലും വേണ്ടത്ര പരിഗണന ലഭിക്കുകയുണ്ടായില്ല. സംസ്ഥാനത്തെ പ്രതി കൂലമായി ബാധിക്കുന്ന കാര്യങ്ങളുണ്ടെങ്കിൽ അതുൾപ്പെടെയുള്ള വിഷയങ്ങൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്. |

| | |
|---|---|
| (സി) 2017-18 കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന കേന്ദ്രവിഹിതം എത്രയാണെന്ന വിവരങ്ങൾ തരം തിരിച്ച് വ്യക്തമാക്കാമോ? | **സി**) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന കേന്ദ്രവിഹിതം സംബന്ധിച്ച തരം തിരിച്ചുള്ള കണക്കുകൾ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വെളിപ്പെടുത്തുന്നതാണ്. |

**അക്കൗണ്ട്സ് ഓഫീസർ**